(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പി. എസ്. സി. ടെസ്റ്റുകളുടെ റാങ്ക് ലിസ്റ്റ്

718 [847] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ലോവർ ഡിവിഷൻ ക്ലാർക്കുമാരായി വിവിധ വകുപ്പിലേയ്ക്കു നിയമിക്കുന്നതിനു നടത്തിയ ടെസ്റ്റിൻെറ റിസൽട്ട് (ജനറലും സ്പെഷ്യലും) എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്നു വ്യക്തമാക്കാമോ;

(ബി) ജനറൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നടത്തിയ എഴുത്തു പരീക്ഷയുടെ റിസൽട്ട് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുമെന്നു വ്യക്തമാക്കാമോ;

(സി) എസ്. ഐ. മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ പരീക്ഷകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച ജോലി നടന്നുകൊണ്ടിരിക്കുന്നു. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു തീയതി നിശ്ചയിച്ചിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെൻറിനുള്ള ലിസ്റ്റ് തയ്യാറായാൽ ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. ജനറൽ റിക്രൂട്ട്മെൻറ് വിഭാഗത്തിൽ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന കേസുകളുടെ തീരുമാനം ആകുന്നതുവരെ നിലനിറുത്തണമെന്ന് കോടതി ഉത്തരവായിട്ടുണ്ട്. കോടതിവിധിയുണ്ടായതിനുശേഷമേ ടി റാങ്ക്ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാനാവൂ.

(ബി) 3.7.1986-ൽ പ്രസിദ്ധീകരിച്ചു.

(സി) 56.

ചലച്ചിത്ര വികസന കോർപ്പറേഷൻെറ തിയേറ്ററുകൾ

719 [849] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ചലച്ചിത്ര വികസന കോർപ്പറേഷൻ തിയേറ്ററുകൾ പണിഞ്ഞിട്ടുള്ളത്;

(ബി) ഇതിനുവേണ്ടി മൊത്തം എത്ര തുക ചെലവഴിച്ചു?

LIBRARY ARCHIVES Kerala Legislative Assembly